# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2854 — 14.02.2013-ൽ മറുപടിയ്ക്ക്

## കേരളത്തിന് പുറത്തുള്ള ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് കേരളത്തിന് പുറത്ത് എവിടെയെല്ലാം ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) കേരളത്തിന് പുറത്ത് താഴെ പറയുന്ന സ്ഥലങ്ങളിൽ വകുപ്പിന്റെ കീഴിൽ ഇൻഫർമേഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. 1. ന്യൂ ഡൽഹി, 2. കൊൽക്കത്ത, 3. മുംബൈ, 4. പനാജി, ഗോവ, 5. ചെന്നൈ 6. മൈസൂർ |
| (ബി) പ്രസ്തുത സെന്ററുകൾ മുഖേന കേരളത്തിൽ എത്തിയിട്ടുള്ള വിനോദ സഞ്ചാരികളുടെ എണ്ണം ഇൻഫർമേഷൻ സെന്ററിൽ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ; | (ബി) ഇത്തരത്തിൽ വകുപ്പിന്റെ ഇൻഫർമേഷൻ ഓഫീസുകൾ സന്ദർശിക്കുന്ന എല്ലാ അന്വേഷകരും കേരളത്തിലേക്ക് വിനോദ യാത്ര നടത്തുമെന്ന് കൃത്യമായി പറയാൻ സാധിക്കുകയില്ല. ഇക്കാരണത്താൽ ഈ സെന്ററുകൾ മുഖേന എത്ര വിനോദ സഞ്ചാരികൾ കേരളം സന്ദർശിച്ചു എന്ന വിവരം ലഭ്യമല്ല. |
| (സി) ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളെ വകുപ്പുവഴി നേരിട്ട് കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രത്തിൽ എത്തിക്കാതെ സ്വകാര്യ ടൂർ ഏജൻസി വഴി ടൂർ പാക്കേജ് ചാർട്ട് ചെയ്യുന്നതായി | (സി) & (ഡി) വകുപ്പ് നേരിട്ട് വിനോദ സഞ്ചാര പാക്കേജുകൾ ഒന്നും തന്നെ വിപണനം ചെയ്യുന്നില്ല. സ്വകാര്യ ടൂർ ഓപ്പറേറ്റർമാർ മുഖേനയും നേരിട്ടു ബുക്കു ചെയ്തുമാണ് സഞ്ചാരികൾ |

പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരത്തിൽ സ്വകാര്യ ടൂർ ഏജൻസികൾ പ്രവർത്തിക്കുന്നതായ പരാതിയിന്മേൽ ഏതെങ്കിലും ഉദ്യോഗസ്ഥർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ?

കേരളം സന്ദർശിക്കുന്നത്. കൊൽക്കത്തയിലെ ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസറുടെ ചാർജ്ജ് വഹിച്ചിരുന്ന ഉദ്യോഗസ്ഥനെതിരെ ഇത്തരത്തിൽ പരാതി ലഭിക്കുകയും , പ്രസ്തുത പരാതിയിന്മേൽ അന്വേഷണം പൂർത്തിയാക്കി സർക്കാർ തലത്തിൽ ടി ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ